## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*251 — 18/06/2019 ൽ മറുപടിക്ക്

## കശുവണ്ടി വ്യവസായമേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.സജി ചെറിയാൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീമതി.യു. പ്രതിഭ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായമേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കശുവണ്ടി വ്യവസായം ഗുരുതര പ്രതിസന്ധിയിലായിരുന്നു. തോട്ടണ്ടിയുടെ ഉയർന്ന വില, ഇറക്കുമതി ചുങ്കം പുതിയതായി ഏർപ്പെടുത്തിയത് തോട്ടണ്ടിയുടെ ദൗർലഭ്യം എന്നിവയായിരുന്നു പ്രധാന പ്രതിസന്ധികൾ. കൂടാതെ വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നിലവാരം കുറഞ്ഞ പരിപ്പ് സ്പെഷ്യൽ എക്കണോമിക്ക് സോൺ വഴി കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്നത് പരിപ്പിന്റെ ആഭ്യന്തര വിപണിയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. വിയറ്റ്നാം മുതലായ രാജ്യങ്ങൾ കശുവണ്ടി സംസ്ക്കരണത്തിലേക്ക് കടക്കുകയും അതുവഴി കശുവണ്ടി വ്യവസായത്തിലെയും ഒപ്പം അന്താരാഷ്ട്ര കമ്പോളത്തിലേയും ഇൻഡ്യൻ കുത്തക കുറഞ്ഞു വരികയും ചെയ്തു.<br><br>പ്രവർത്തന മൂലധനത്തിന്റെ കുറവ്, അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവ്, സംസ്കരിച്ച കശുവണ്ടി പരിപ്പിന്റെ വിലസ്ഥിരതയില്ലായ്മ, ബാങ്ക് വായ്പകൾ ലഭിക്കുന്നതിനുള്ള പരിമിതികൾ മുതലായവയാണ് സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ.<br><br>കേരളത്തിലെ കശുവണ്ടി ഉൽപ്പാദനം ട്രേഡ് ഇൻഫർമേഷൻ അനുസരിച്ച് പ്രതി |

| | | | |
|---|---|---|---|
| | | | വർഷം ഏകദേശം 35,000 മെട്രിക് ടൺ മുതൽ 50,000 മെട്രിക് ടൺ വരെയാണ്. കേരളത്തിലെ കശുവണ്ടി ഉൽപ്പാദനം കുറയുന്നത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധിയാണ്.<br><br>Non-Least Developed രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് കടുത്ത പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. |
| (ബി) | കശുവണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) യും (സി) യും | കശുമാവ് കൃഷി വികസന ഏജൻസി വഴിയാണ് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതിനായി വിവിധ പദ്ധതികൾ ഏജൻസി വഴി സർക്കാർ നടപ്പാക്കി വരുന്നുണ്ട്. തൈകൾ നടുന്നതു മുതൽ പൂക്കുന്നതുവരെയുള്ള കാലയളവിൽ വിവിധ ഘട്ടങ്ങളായി ആവശ്യമായ സാങ്കേതിക ഉപദേശം കർഷകർക്ക് നൽകി കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും കർഷകർക്ക് സബ്സിഡിയും ഏജൻസി നൽകിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സും, കശുവണ്ടി വികസന കോർപ്പറേഷനും ഗുണമേന്മയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ടി ആവശ്യത്തിലേക്കായി കാപ്പെക്സ് കശുമാവ് നഴ്സറി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കശുമാവിൻ തോട്ട പ്രോജക്ടിൽപ്പെടുത്തി കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി എന്നീ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് അത്യുത്പാദന ശേഷിയുള്ള കശുമാവ് തൈകൾ നടീൽ ആരംഭിച്ചിട്ടുള്ളതാണ്.<br><br>സംസ്ഥാനത്ത് കശുമാവ്കൃഷി വ്യാപകമാക്കുന്നതിനായി 2007-ൽ സർക്കാർ രൂപീകരിച്ച ഏജൻസിയാണ് കെ.എസ്.എ.സി.സി. അതുവഴി കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികളായ കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, |
| (സി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപകമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | മുറ്റത്തൊരു കശുമാവ്, മാതൃക കശുമാവിൻ തോട്ടം, അതിസാന്ദ്രത കൃഷി എന്നിവ നടപ്പിലാക്കിവരുന്നു.<br><br>1. കശുമാവ് പുതു കൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്കു വിധേയമായി ഒറ്റത്തവണ ധനസഹായമായി നൽകുന്നു.<br>2. കശുമാവ് തോട്ടം നിർമ്മാണം- 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെകടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.<br>3. മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾകുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.<br>4. ഹൈഡെൻസിറ്റി പ്ലാന്റിംഗ്- സംസ്ഥാനത്ത് കെ.എസ്.എ.സി.സി. നിലവിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യത പരിഗണിച്ചും സ്ഥലത്തിനാനുപാതികമായി ഉത്പ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഹെകടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു.<br>5. മാതൃക കശുമാവിൽ തോട്ടം<br>കെ.എസ്.എ.സി.സി സർക്കാർ/ അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിലുള്ള കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃകാ |

| | | | |
|---|---|---|---|
| | | | തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടു കൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.<br><br>കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും, കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് ആർ.പി.എൽ, പുനലൂർ ബി.ബി എസ്റ്റേറ്റ് എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷി വ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി കശുമാവ് കർഷകർ, കശുമാവ് കൃഷി ചെയ്യുന്ന പൊതുസ്ഥലങ്ങളിലെയും സോഷ്യൽ ഫോറസ്ട്രിയുടെയും ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് കശുമാവ് കൃഷിയുടെ പ്രാധാന്യവും കൃഷിയുടെ പ്രോത്സാഹനവും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും, കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി കശുമാവ് കർഷക ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു. |
| (ഡി) | തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് പുറത്ത് കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | ഇല്ല. |
| (ഇ) | അസംസ്കൃത കശുവണ്ടിക്ക് കേന്ദ്രസർക്കാർ ഇറക്കുമതി ചുങ്കം ചുമത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയെ എത്രമാത്രം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയ്ക്ക് (അസംസ്കൃത കശുവണ്ടി) കേന്ദ്ര സർക്കാർ 2016 മുതൽ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിരുന്നു. 9.36 ശതമാനമായിരുന്ന ഇറക്കുമതി ചുങ്കം പലപ്പോഴായി കുറച്ചുകൊണ്ടുവന്നിട്ടുണ്ട്. ഏറ്റവും കുറഞ്ഞ വികസന വിഭാഗത്തിലുള്ള രാജ്യങ്ങളിൽ നിന്നും (Least Developed Country) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയ്ക്ക് ഇറക്കുമതി ചുങ്കം ഇല്ല. ഇറക്കുമതി ചുങ്കം കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ |

| | | | |
|---|---|---|---|
| | | | വിലകൂട്ടുവാൻ ഇത് കാരണമായിട്ടുണ്ട്. കൂടാതെ പരിപ്പ് കയറ്റുമതിയിലൂടെ ചുങ്കം ഒഴിവാക്കാൻ ചില നിബന്ധനകൾ നിലവിലുണ്ട്. എന്നാൽ വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ധാരാളം പരിപ്പ് എത്തുന്നത് വഴി അന്താരാഷ്ട്ര കമ്പോളത്തിൽ കശുവണ്ടി പരിപ്പിന്റെ വിലകുറവ് മൂലം കയറ്റുമതി ലാഭകരമല്ലാതായിരിക്കുന്നു. കൂടാതെ ജി.എസ്.ടി യുടെ വരവോടെ 5% IGST കൂടി ഇറക്കുമതി തോട്ടണ്ടിയ്ക്ക് ഒടുക്കേണ്ടതുണ്ട്.<br><br>കൂടാതെ വിയറ്റ്നാം പോലുള്ള രാജ്യങ്ങളുടെ തോട്ടണ്ടിയുടെ വിപുലമായ വാങ്ങലും സംസ്കരണവും ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ക്വാണ്ടിറ്റി കുറയാൻ കാരണമായിട്ടുണ്ട്. ഇറക്കുമതി ചുങ്കം പൂർണ്ണമായും ഒഴിവാക്കിയെങ്കിൽ മാത്രമേ അസംസ്കൃത തോട്ടണ്ടിയെ ആശ്രയിച്ച് നടത്തുന്ന ഈ പരമ്പരാഗത വ്യവസായത്തിന് ഗുണകരമാകൂ. ഇറക്കുമതി ചുങ്കം പൂർണ്ണമായും ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിലും നടപടികൾ പുരോഗമിക്കുന്നതായി അറിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ